(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഇലക്ഷൻ കമ്മീഷണറുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയോ ;

(സി) എങ്കിൽ അതിന്റെ വിവരം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) ഉപതിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള സമയം നിശ്ചയിക്കേണ്ടത് കേന്ദ്ര ഇലക്ഷൻ കമ്മീഷണറാണ്.

(ബി) നടത്തിയിട്ടുണ്ട്.

(സി) വെളിപ്പെടുത്താറായിട്ടില്ല.

കോൾകൃഷി സ്ഥലങ്ങൾ

* 909. [1298] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾകൃഷി സ്ഥലങ്ങൾക്ക് ബണ്ട് കെട്ടുന്നതിനും സ്ഥലം നികത്തുന്നതിനും ഉള്ള ജോലികൾ കോൺട്രാക്ടർ കൊടുത്തതിനെ പറ്റി നടന്നുവെന്ന് പറയപ്പെടുന്ന ആരോപണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആരോപണത്തിൻമേൽ നടത്തിയ പ്രാഥമിക അന്വേഷണഫലമെന്താണെന്ന് വിശദീകരിക്കുമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) Unstarred Questions and Answers

തൊഴിൽ സമരങ്ങൾ

650. [1176] ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968 ജനുവരി 1-ാം തീയതി മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര തൊഴിൽത്തർക്കങ്ങൾ നടന്നു ;

(ബി) തൽഫലമായി എത്ര തൊഴിൽ ദിവസങ്ങളാണ് നഷ്ടപ്പെട്ടത് ;

(സി) ഇതിൽ എത്ര സമരങ്ങളിൽ മന്ത്രി നേരിട്ട് കൂടിയാലോചന നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കിയിട്ടുണ്ട് ;

(ഡി) തൊഴിൽ സമരങ്ങൾ വഴി മുതലുടമകൾക്കും തൊഴിലാളികൾക്കും വന്നുചേർന്നിട്ടുള്ള സാമ്പത്തികനഷ്ടം എത്രകണ്ടാണ് ;

LIBRARY ARCHIVES Kerala Legislative Assembly